"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

തീയതി : 06-10-2021

**സർക്കുലർ നം 57**

15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനം 04/10/2021 മുതൽ ആരംഭിച്ചതിൻറെ ഭാഗമായി ജയിൽ വകുപ്പിൽ നിന്നും നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകുന്നതിലേയ്ക്ക് 2011 മുതൽ 2021 വരെ ജയിലുകളിൽ നടത്തിയ പരിശോധനകളുടെ വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ എല്ലാ സ്ഥാപനമേധാവികളോടും ആവശ്യപ്പെട്ടപ്പോൾ കേരളത്തിലെ മിക്ക ജയിൽ സ്ഥാപനമേധാവികളും 2020 ന മുമ്പ് വരെ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല എന്നും ആയതിനാൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല എന്നും അറിയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ജയിലുകളിൽ നടത്തുന്ന എല്ലാ പരിശോധനകളും പ്രത്യേകം സെല്ലോ ബ്ലോക്കോ ആയാൽപ്പോലും അത് സംബന്ധിച്ച വിശദ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും, ആയത് യഥാസമയം ജയിലാസ്ഥാനകാര്യാലയത്തിൽ വിശദമായ റിപ്പോർട്ട് സഹിതം അറിയിക്കേണ്ടതുമാണ്. പരിശോധനയുടെ തീയതി ,സമയം, നേതൃത്വം വഹിച്ച ഉദ്യോഗസ്ഥർ, പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം, കണ്ടെടുത്ത സാധനങ്ങളുടെ വിവരങ്ങൾ അവ ഡിസ്പോസ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ, ശിക്ഷണ നടപടികളോ നിയമ നടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിൻ്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ സ്ഥാപനമേധാവികളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും ഡി.ഐ.ജിമാർ ജയിൽ വിസിറ്റ് സമയത്ത് രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്.

Sd/-

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽസ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡി. ഐ. ജി ഓഫ് പ്രിസൺസ് (ഉത്തരമേഖല)/(മദ്ധ്യമേഖല)/ദക്ഷിണമേഖല),
TC 3 ,TC 4
OC/SF

G5-25331/2021/PrHQ 1cbf20